## അപേക്ഷകനല്ലാത്ത വ്യക്തിക്ക് ഒന്നാം അപ്പീൽ സമർപ്പിക്കാനാകുമോ?

**വിവരാവകാശ നിയമപ്രകാരം തീർപ്പാക്കിയ അപേക്ഷയിന്മേൽ ഒന്നാം അപ്പീൽ സമർ പ്പിച്ചിട്ടുണ്ട്. എന്നാൽ ഒന്നാം അപ്പീൽ സമർപ്പിച്ചിട്ടുള്ളത് അപേക്ഷകനല്ല മറ്റൊരു വ്യക്തിയാണ്. പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് അപേക്ഷ നൽകാത്ത ഒരു വ്യക്തിക്ക് ഇപ്രകാരം അപ്പീൽ സമർപ്പിക്കാൻ കഴിയുമോ?**

വിവരാവകാശ നിയമത്തിലെ വകുപ്പ് 19(1) ൽ അപ്പീലിനെക്കുറിച്ച് ഇപ്രകാരമാണ് പറയുന്നത്:

"Any person **who, does not receive a decision** within the time specified in subsection *(1)* or clause *(a)* of sub-section *(3)* of section 7, **or is aggrieved by a decision of the Central Public Information Officer or State Public Information Officer**, as the case may be, may within thirty days from the expiry of such period or from the receipt of such a decision prefer an appeal to such officer who is senior in rank to the Central Public InformationOfficer or State Public Information Officer as the case may be, in each public authority:

Provided that such officer may admit the appeal after the expiry of the period of thirty days if he or she is satisfied that the appellant was prevented by sufficient cause from filing the appeal in time.

(2) Where an appeal is preferred against an order made by a Central Public Information Officer or a State Public Information Officer, as the case may be, under section 11 to disclose third party information, the appeal by the concerned third party shall be made within thirty days from the date of the order."

Any person **"who, does not receive a decision"** എന്നു പറയുന്നതിനാൽ **decision** ലഭിക്കാത്ത വ്യക്തിയോ അല്ലെങ്കിൽ ഒരു **decision**നിൽ **aggrieved** ആയിട്ടുള്ള വ്യക്തിയോ ആണ് അപ്പീൽ സമർപ്പിക്കേണ്ടത് എന്ന് കാണാവുന്നതാണ്. പബ്ലിക് ഇൻഫർമേഷൻ ഓഫീസറിൽ നിന്ന് ഒരു **decision** ലഭിക്കണമെങ്കിൽ ആ വ്യക്തി പബ്ലിക് ഇൻഫർമേഷൻ ഓഫീസർ മുമ്പാകെ വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷ സമർപ്പിച്ചിട്ടുണ്ടായിരിക്കണം എന്നു വ്യക്തമാണ്.